

യോഹ. 13:1–14 | പെസഹാവ്യാഴം

# വചനസന്ദേശം

റവ. ഫാ. ആന്റോ ചേരാംതുരുത്തി

## പാദക്ഷാളനവും പ്രാണദാനവും

രക്ഷാകരചരിത്രത്തിലെ സുവർണ്ണ മുഹൂർത്തങ്ങളിലൊന്നായ പെസഹാ വ്യാഴാഴ്ചയിലേക്ക് നാം പ്രവേശിക്കുകയാണ്. നമ്മുടെ വിശ്വാസത്തിന്റെ അന്തസത്തയെപ്പറ്റിയും ആധാരശിലകളെപ്പറ്റിയും ക്രൈസ്തവ ലോകം ആരാധനാ മനോഭാവത്തോടെ ധ്യാനിക്കുകയും മനനം ചെയ്യുകയും ചെയ്യുന്ന പുണ്യപ്പെട്ട ദിനം. ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള ഇസ്രായേൽ ജനതയുടെ വിമോചനത്തിന്റെ പഴയനിയമ കടന്നുപോകലിൽ നിന്ന് പാദം കഴുകി പ്രാണൻ പകരുന്ന പുതിയ നിയമ കർമ്മശൈലിയിലേക്ക് ഈശോ പെസഹായിലൂടെ നമ്മെ ക്ഷണിക്കുന്ന പവിത്രമായ മുഹൂർത്തം. മൂന്നു വർഷത്തെ പരസ്യജീവിത കാലത്തിൽ, സ്വയം ചെറുതാകലിലാണ് ശുശ്രൂഷയുടെ മർമ്മം എന്ന ലളിതമായ ജീവിതദർശനം ലോകത്തിന് പരിചയപ്പെടുത്തുന്ന ഒരു ദാസന്റെ ദിവ്യമായ ചിത്രം പെസഹാവ്യാഴം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നു. സെഹിയോൻ മാളികയിലെ ഈശോയുടെ അത്താഴവിരുന്നും, താൻ ബലിയായി നൽകാൻ പോകുന്നതിന്റെ മുന്നറിയിപ്പും, അപ്പം മുറിച്ചു നൽകലും, കാലുകഴുകൽ ശുശ്രൂഷയുമെല്ലാം പെസഹായുടെ സന്ദേശത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു.

### 1. പെസഹാ-ഒരാൾ അപ്പമായിത്തീർന്നതിന്റെ കഥ

യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായം മുഴുവനും അപ്പത്തെക്കുറിച്ചുള്ള വിവരണമാണല്ലോ. പരമ്പരാഗതമായി, ഇതിനെ ദിവ്യകാരുണ്യ പ്രബോധനമായും, വി. കുർബ്ബാനയുടെ അദ്ധ്യായമായും നാം കണക്കാക്കുന്നു. ഈശോ പറഞ്ഞു: “ഞാനാണ് ജീവന്റെ അപ്പം; എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല” (യോഹ. 6:35). ഈ പ്രബോധനത്തിന് മുമ്പായി രണ്ടു വ്യത്യസ്തങ്ങളായ അത്ഭുതങ്ങൾ ഈശോ പ്രവർത്തിക്കുന്നതായി നാം വായിക്കുന്നു. ഒന്നാമതായി, ജനക്കൂട്ടത്തിന്റെ വിശപ്പടക്കാൻ വേണ്ടി അഞ്ചപ്പം എടുത്തു വാഴ്ത്തി അയ്യായിരം പേർക്കായി നൽക്കുന്ന ഈശോ. (യോഹ6:1–15). മനുഷ്യന്റെ ശാരീരികമായ വിശപ്പടക്കാൻ അപ്പം കൂടിയേ തീരൂ. ഗോതമ്പുമണിയിൽ നിന്നും മെനഞ്ഞെടുത്ത അപ്പത്തെ ലോകത്തിന്റെ നാഥനായ ഈശോയ്ക്ക് ഇഷ്ടമുള്ളതുപോലെ രൂപപ്പെടുത്താനാകുമെന്ന് ഈ അത്ഭുതത്തിലൂടെ ഈശോ ശിഷ്യരെ ഓർമ്മപ്പെടുത്തി. രണ്ടാമതായി, വെള്ളത്തിന്റെ മുകളിലൂടെ നടക്കുന്ന ഈശോയെ നാം കണ്ടുമുട്ടുന്നു (യോഹ 6:16–21). ഈ അത്ഭുതം വഴി സ്വന്തം ശരീരത്തെ തനിക്കിഷ്ടമുള്ളപോലെ രൂപപ്പെടുത്താനാകുമെന്ന് യേശു ശിഷ്യരെ പഠിപ്പിച്ചു. അപ്പത്തിന്റെ മേലും സ്വന്തം ശരീരത്തിന്മേലും അധികാരമുള്ളവൻ അപ്പത്തെ സ്വന്തം ശരീരമാക്കി മാറ്റി. പെസഹായുടെ രാത്രിയിൽ അപ്പം മുറിച്ചവൻ ദു:ഖവെള്ളിയാഴ്ച കുരിശിൽ തന്റെ ശരീരം മുറിച്ചു. ഇതാണ് പെസഹാ ഭക്ഷണം, അല്ലെങ്കിൽ ദിവ്യകാരുണ്യം.

ദിവ്യകാരുണ്യമെന്നത് വിളമ്പിവെച്ച വിരുന്നാണ്. ഈ വിരുന്നുണ്ണുന്ന ഓരോരുത്തരും വിനയത്തിന്റെ അങ്കി ധരിച്ച് കേവലം ഒരു ദാസനെപ്പോലെ അപരനെ ശുശ്രൂഷിക്കാൻ പ്രതിജ്ഞാബദ്ധനാകണം. ഈ ശുശ്രൂഷയുടെ ഏറ്റവും മഹത്തായ പ്രകടനമാണ് കാലുകഴുകൽ ശുശ്രൂഷ. കാലുകഴുകി ചുംബിക്കുന്നത് ഒരു കുറച്ചിലായി കരുതിയിരുന്ന യഹൂദ സമൂഹത്തിന്റെ മുമ്പിൽ, തികഞ്ഞ ആത്മാവബോധത്തോടെ തന്റെ തനതു ശൈലിയിൽ വെള്ളവും താലവുമായി അവൻ വിരുന്നു ശാലയിലെത്തി. മനുഷ്യന്റെ സർവ്വ അഹന്തയും ഇല്ലാതാക്കുന്ന സുന്ദരമായ ക്രിസ്തുശുശ്രൂഷയാണ് കാലുകഴുകൽ. സഹോദരന്റെ പാദങ്ങളോളം താഴ്ന്നിറങ്ങുന്നവനു മാത്രമേ ദിവ്യകാരുണ്യത്തിന്റെ, വി. കുർബാനയുടെ രഹസ്യം മനസ്സിലാക്കാനാകൂ എന്നത് സത്യം. ഓരോ ക്രൈസ്തവന്റെയും ജീവിതത്തിന്റെ മഹത്ത്വം എന്നത് ഈ ശുശ്രൂഷയാണെന്ന് വ്യക്തം. നിസ്സാർത്ഥ സേവനത്തെപ്പറ്റി വാതോരാതെ പ്രസംഗിക്കുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ കാലഘട്ടത്തിൽ സേവനമെന്ന സങ്കൽപ്പം പോലും അരോചകമായിരുന്ന, യവന-യഹൂദ സംസ്കാരങ്ങളിൽ മനുഷ്യോചിതമല്ലാത്തതും, നിന്ദ്യവുമായതുമായ ഒരു പ്രവൃത്തിയായിട്ടാണ് സേവനത്തെ കണ്ടിരുന്നത്. കിട്ടിയ അധികാരം ഏതു കുതന്ത്രങ്ങളിലൂടെയാണെങ്കിലും

കാത്തു സൂക്ഷിക്കുന്നതിലും മറ്റുള്ളവരുടെമേൽ ആധിപത്യം സ്ഥാപിക്കുന്നതിലുമാണ് മഹത്ത്വം അടങ്ങിയിരിക്കുന്നതെന്നും, ജീവിതത്തിൽ സ്നേഹത്തിനോ, സമർപ്പണത്തിനോ, അതിൽ നിന്നുണ്ടാകുന്ന വിനീത സേവനത്തിനോ, എളിയ പ്രവൃത്തികൾക്കോ സ്ഥാനമില്ലെന്നും കരുതിയിരുന്നവരുടെ കാലഘട്ടത്തിലാണ് ഈശോ ശിഷ്യരുടെ കാലുകൾ കഴുകിക്കൊണ്ട് ഒരു നവീന സംസ്കാരത്തിന് തുടക്കമിട്ടത്. ജീവിതത്തിന്റെ വലുപ്പവും മഹത്ത്വവും ഉന്നത സ്ഥാനങ്ങളിലല്ല, മറിച്ച് ജീവിതശൈലിയിലും, ശ്രേഷ്ഠമായ മനോഭാവങ്ങളിലുമാണെന്ന് ഈശോ പഠിപ്പിക്കുന്നു. ഈ വലിയ സത്യം വി. കുർബാനയിലൂടെ ഈശോ വ്യക്തമാക്കുന്നുണ്ട്. "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം, നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടേയും ദാസനുമായിരിക്കണം. മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്ക് മോചന ദ്രവ്യമായിത്തീരാനും വേണ്ടിയാണെന്ന്" (മർക്കോ 10:44-45) ഈശോ പഠിപ്പിച്ചു. അങ്ങനെ മണ്ണോളം താഴ്ന്നിറങ്ങി, സ്വയം ശൂന്യവൽക്കരിച്ച്, ജീവിതത്തെത്തന്നെ വി. കുർബ്ബാനയാക്കി മാറ്റിയപ്പോൾ അവൻ അനേകരുടെ ജീവിത യാത്രയിൽ അപ്പമായി മാറി. ഈ അപ്പമാണ് ലോകത്തിന്റെ ജീവനെ നിലനിർത്തുന്ന മൗലിക യാഥാർത്ഥ്യം (യോഹ 6:33).

### 2. പാദക്ഷാളനവും തിരുക്കച്ചയും

ഈശോയുടെ ജീവിതദർശനത്തിന്റെ ആധികാരികമായ ബാഹ്യാവിഷ്കാരമാണ് പാദക്ഷാളനം. അന്ത്യഅത്താഴത്തിന്റെ മണിക്കൂറിൽ ഈശോ തിരുക്കച്ച അരയിൽ ചുറ്റി, ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി തുടച്ചു (യോഹ 13:5). കച്ച എന്നത് അർത്ഥവ്യാപ്തിയുള്ള ഒരു അടയാളമാണ്. ഈശോ തന്റെ ജീവിതത്തിൽ സ്വീകരിച്ച ചില തനതായ നിലപാടുകളുടേയും തന്റെതന്നെ ജീവിത നിയോഗത്തിന്റേയും പ്രതീകമാണത്. സ്വയം മുറിച്ചു നൽകി അനേകരുടെ ജീവിതത്തിന്റെ ജീവാംശമായിത്തീർന്ന ലോകരക്ഷകന്റെ തിരിച്ചറിയിൽ കാർഡാണിത് (കറലിശേയ്യേ ഇമ്യറ). ഈശോയുടെ തിരുപ്പിറവി അറയിച്ച മാലാഖ വൃന്ദം ഇടയർക്കു നല്കിയ അടയാളവും കച്ചയായിരുന്നല്ലോ. "പിള്ളകച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും" (ലൂക്കാ 2:12). ഈശോയുടെ മരണശേഷം, അവിടുത്തെ കല്ലറയിൽ കച്ച കിടക്കുന്നതായി കണ്ട ശിമയോൻ പത്രോസിനെക്കുറിച്ച് നാം സുവിശേഷത്തിൽ വായിക്കുന്നു (യോഹ 20:7). ജീവിതത്തിന്റെ ആരംഭം മുതൽ അവസാന നിമിഷം വരെ കച്ചയുടെ സാന്നിധ്യം നാം തിരിച്ചറിയുന്നു. മഹാവിരുന്നിന്റെ കല്യാണ വസ്ത്രമാണ് കച്ച എന്നു പറയാം. തിരുക്കച്ച ഈശോയുടെ മനോധർമ്മങ്ങളും ജീവിതമൂല്യങ്ങളും വെളിവാക്കുന്ന പ്രചോദനാത്മകമായ ഒരു പ്രതീകമത്രേ. ആരാണ് വലിയൻ എന്നു ചോദിച്ച സമൂഹത്തിൽ യജമാനന്റെ പ്രതാപത്തിന്റേയും പ്രൗഢീയുടേയും പ്രതീകമായ അങ്കിക്കു പകരം ദാസന്റെ കച്ചയണിഞ്ഞ്, ചെറുതാകാൻ മനസ്സില്ലാത്ത ശിഷ്യസമൂഹത്തിന്റെ പാദങ്ങൾ കഴുകാൻ തയ്യാറാകുന്ന ഈശോ നമുക്ക് മാതൃകയാവണം. ഓരോ ജീവിതാന്തസ്സിലും കഴിയുന്നവർ തങ്ങളുടെ ജീവിത നിയോഗങ്ങൾ പൂർത്തിയാക്കേണ്ടത് ആത്മസമർപ്പണത്തിലൂടെ ആകണമെന്ന് ഈശോ പഠിപ്പിക്കുന്നു. കാലുകഴുകലിലൂടേയും സ്വയം ദാനത്തിലൂടേയും യേശു തുടങ്ങിവച്ച പുത്തൻ സംസ്കാരത്തിന്റെ വക്താക്കളും പ്രയോക്താക്കളുമാകാനുള്ള ആഹ്വാനമാണ് യേശുവിൽ വിശ്വസിക്കുന്ന ഓരോരുത്തരുടേയും ചെവികളിൽ ഈ പെസഹാ തിരുനാൾ ദിനത്തിൽ മുഴങ്ങേണ്ടത്. അത്തരം ഒരു കാഴ്ച്ചപ്പാടിൽ കാലുകഴുകൽ ഒരാചാരം മാത്രമാകില്ല; മറിച്ച് അതൊരു ജീവിതശൈലിയാകുമ്പോഴാണ് ക്രൈസ്തവ ജീവിതം ധന്യമാകുന്നത്.

### 3. പെസഹായും കടന്നുപോകലിന്റെ അനുഭവവും

പഴയനിയമ ജനതയെ സംബന്ധിച്ചിടത്തോളം പെസഹാ രക്ഷയുടെ അനുഭവത്തിലേക്കുള്ള ഒരു കടന്നു പോകലായിരുന്നു (പുറ 12:1-20). ഇതുപോലെ നമ്മെ പാപത്തിന്റെ അടിമത്തത്തിൽനിന്ന് രക്ഷയുടെ അനുഭവത്തിലേക്ക് കൂട്ടിക്കൊണ്ടു പോകാനാണ് പെസഹാ കുഞ്ഞാടായി ഈശോ ബലിയർപ്പിക്കപ്പെട്ടത്. ഞാനും നിങ്ങളും, ഈ പ്രപഞ്ചത്തിലെ ഓരോ സൃഷ്ടി വസ്തുവും കടന്നുപോകും. എന്നാൽ രക്ഷയിലേക്കു നയിക്കുന്ന ഈശോയുടെ ദിവ്യമായ സാന്നിധ്യം എന്നെന്നും നിലനിൽക്കും. ഈ ദിവ്യസാന്നിധ്യത്തെ തിരിച്ചറിയുമ്പോൾ നാം കടന്നുപോകേണ്ട ഇടങ്ങളെ വിശുദ്ധീകരിക്കാനും, അതുവഴി ബലിയേകാനും ബലിയാകാനും വിളിക്കപ്പെട്ടവരാണ് നാം എന്നു തിരിച്ചറിയാനാകും. പൗരോഹിത്യത്തിന്റെയും സന്യാസത്തിന്റെയും കുടുംബജീവിതത്തിന്റെയും വഴികളിൽ നാം കടന്നുപോകേണ്ട ഇടങ്ങളെ തിരിച്ചറിയുമ്പോഴാണ് ഇനിയും ജീവിതത്തെ അല്പം കൂടി സമർപ്പിക്കാനുണ്ട് എന്ന ബോധ്യത്തിലേക്ക് നാം വളരുകയുള്ളു. പെസഹായിലൂടെ ബലിയും വിരുന്നുമായി തീർന്നവൻ അവനവന്റെ ജീവിതാന്തസ്സുകളിൽ ബലിയും വിരുന്നുമായി തീർന്നുകൊ

ണ്ട് അനേകർക്ക് കരുത്തു പകരുമ്പോഴാണ് നമ്മുടെ ജീവിത ഇടങ്ങൾ രക്ഷാകര ചരിത്രത്തിന്റെ ഭാഗമായി മാറുകയുള്ളു. വിശുദ്ധീകരണത്തിന്റെ ബലിപീഠത്തിൽനിന്ന് വിശുദ്ധീകരിക്കപ്പെട്ട ബലിവസ്തുകളായി നാം ഇറങ്ങി പുറപ്പെടണം. ജീവിത വിശുദ്ധീകരണത്തിലൂടെ രൂപപ്പെടുന്ന കൂട്ടായ്മയിലൂടെയും പരസ്പര ബന്ധത്തിന്റെയും അടിസ്ഥാനമായി ഈശോ പെസഹായെ പുനർവ്യാഖ്യാനം ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരു പുത്തൻ സംസ്കാരത്തിന് രൂപം നൽകാനുള്ള ശക്തിയും കരുത്തുമാണ് പെസഹാ വ്യാഴാഴ്ച്ച നമുക്കു നൽകുന്നത്.